ഇപ്രകാരം ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യ ഹെഡ് ഓഫീസിലേക്ക് അയയ്ക്കുന്നു. ഇവിടെ ഇത് പ്രോസസ്സ് ചെയ്ത് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച് ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് അയയ്ക്കുന്നു.

സംസ്ഥാനതല സമിതി അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

ചെയർമാൻ : ബഹു. ധനകാര്യ വകുപ്പുമന്ത്രി

കൺവീനർ : കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ

അംഗങ്ങൾ : അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (ആരോഗ്യ വകുപ്പ്), പ്രിൻസിപ്പൽ സെക്രട്ടറി (നികുതി വകുപ്പ്), ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഡയറക്ടർ, ആരോഗ്യ വകുപ്പ്, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം, ചെയർമാൻ, സംസ്ഥാന ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫെയർ ബോർഡ്, ഡോ. പി. കുസുമകുമാരി, അഡീഷണൽ ഡയറക്ടർ, ആർ.സി.സി., തിരുവനന്തപുരം, ഡോ. എബ്രഹാം ജോസഫ്, മാർഇവാനിയസ് കോളേജ്, തിരുവനന്തപുരം, ശ്രീമതി ലക്ഷ്മി രാജീവ്, കവടിയാർ, തിരുവനന്തപുരം.

കാരുണ്യ ബെനവലന്റ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ്. കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ഓഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണനിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാഭാഗ്യക്കുറി ഓഫീസും ജില്ലാ ഭാഗ്യക്കുറി ആഫീസിനോടനുബന്ധിച്ച് ലെയ്സൺ ആഫീസും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടത്തിവരുന്നു.

എക്സൈസ് വകുപ്പിന് ചെലവഴിച്ച തുകയും വകയിരുത്തിയ തുകയും

147 (119) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും എക്സൈസ് വകുപ്പിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി എക്സൈസ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും, അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ട്രഷറി അക്കൗണ്ടിൽ ബാക്കി നില്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ 412-ാം നമ്പർ പ്രഖ്യാപനമായ വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽകൂടി വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നതാണ് എന്ന പ്രഖ്യാപനത്തിന്മേൽ ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

(ബി) എക്സൈസ് വകുപ്പിന് പദ്ധതി ഫണ്ട് ആദ്യമായി അനുവദിച്ചത് 2012-13 സാമ്പത്തിക വർഷത്തിലാണ്.

2012-13:

വകയിരുത്തപ്പെട്ട പദ്ധതി തുക	-	1,37,00,000 രൂപ
ചെലവഴിച്ച തുക	-	59,60,958 രൂപ
ചെലവഴിക്കാൻ കഴിയാതിരുന്ന തുക	-	77,39,042 രൂപ
പിൻവലിക്കൽ ശതമാനം	-	43.51%

2013-14:

വകയിരുത്തപ്പെട്ട പദ്ധതിതുക	-	1,90,00,000 രൂപ
ചെലവഴിച്ച തുക	-	78,51,712 രൂപ
ചെലവഴിക്കാൻ കഴിയാതിരുന്ന തുക	-	1,11,48,288 രൂപ
പിൻവലിക്കൽ ശതമാനം	-	41.32%

LIBRARY ARCHIVES Kerala Legislative Assembly

2014-15:

വകയിരുത്തപ്പെട്ട പദ്ധതിയുക	-	3,25,00,000 രൂപ
ചെലവഴിച്ച യുക	-	3,11,62,508 രൂപ
ചെലവഴിക്കാൻ കഴിയാതിരുന്ന യുക	-	13,37,492 രൂപ
പിൻവലിക്കൽ ശതമാനം	-	95.88%

2015-16 (31-1-2016 വരെ):

വകയിരുത്തപ്പെട്ട പദ്ധതിയുക	-	3,50,00,000 രൂപ
ചെലവഴിച്ച യുക	-	92,20,839 രൂപ
ചെലവഴിക്കാൻ കഴിയാതിരുന്ന യുക	-	2,57,79,161 രൂപ
പിൻവലിക്കൽ ശതമാനം	-	26.7%

എക്സൈസ് വകുപ്പിൽ ട്രഷറി അക്കൗണ്ടിൽ ഒരു യുകയും നിക്ഷേപിച്ചിട്ടില്ല

(സി) 31-3-2015-ലെ G.O.(Rt) No. 3646/2015/Fin. നമ്പർ ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേഷൻ വഴി 2014-15 കാലയളവിൽ 2039-00-001-91-വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ യുകയിൽനിന്നും 2039-00-800-96-എക്സൈസ് അക്കാദമിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി 1,00,00,000 രൂപ വകമാറ്റി ചെലവഴിച്ചിരുന്നു.

ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്

148 (120) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളുടെ ശിപാർശപ്രകാരം അനുവദിക്കപ്പെട്ട ഫണ്ട് അതാത് വർഷത്തിൽ തന്നെ പൂർണമായും ചെലവഴിച്ചിട്ടുണ്ടോ; 2011-12 വർഷം മുതൽ ഓരോ വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന മൊത്തം ഫണ്ടും ഈ ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിരുന്ന യുകയും എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly